**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3633** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സൗഹൃദ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി സൗഹൃദ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാക് മാനദണ്ഡ പ്രകാരം അധിക ക്രെഡിറ്റ് നൽകുമെന്ന് യു.ജി.സി. പ്രഖ്യാപിക്കുകയുണ്ടായോ; | (എ) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരുക്കുന്ന ഭിന്നശേഷി സൗഹൃദ സംവിധാനങ്ങൾ NAAC അസസ്സ്മെന്റിന്റെ നിർബന്ധിത മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതാണ്.ഇത് സംബന്ധിച്ച് 2017 ൽ യു.ജി.സി, Guidelines for Persons with Disabilities Scheme in Universities XII Plan (2012-2017) മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായധനം, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിന് നാക് റാങ്കിംഗ് ഒരു നിർബന്ധിത മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് റൂസ സഹായധനം അക്രഡിറ്റേഷൻ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കുന്നത്.ഓട്ടോണമസ്, കോളേജ് ഓഫ് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്,ഡീംഡ് യൂണിവേഴ്സിറ്റി എന്നീ പദവികൾ സ്ഥാപനത്തിന്റെ അക്രഡിറ്റേഷൻ പദവിയുമായി ബന്ധപ്പെടുത്തിയാണ് നിർണ്ണയിക്കാറുള്ളത്. |
| (സി) | സംസ്ഥാനത്ത് ആകെ എത്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് യു.ജി.സി. മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി സൗഹൃദമായിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാകുമോ; | (സി) | സംസ്ഥാനത്ത് യു.ജി.സി മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി സൗഹൃദമായിട്ടുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദ വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ബാരിയർ ഫ്രീ ക്യാമ്പസ്". പ്രസ്തുത പദ്ധതിയുടെ ഭാഗമായി കോളേജുകളിൽ റാമ്പ്, ഭിന്നശേഷി സൗഹൃദ ടോയിലറ്റ്, ബ്രയിൽ ലിപി ഉപകരണങ്ങൾ, ലിഫ്റ്റ് എന്നിവ സ്ഥാപിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ